ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.12.2024**

## പ്രധാനവാർത്തകൾ

1. **ദേശീയ ക്ഷയരോഗ നിർമാർജ്ജന പദ്ധതിയുടെ ഭാഗമായി നൂറുദിന തീവ്രയജ്ഞ പരിപാടിയ്ക്ക് ഇന്ന് തുടക്കം. സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ്ജ് പത്തനംതിട്ടയിൽ നിർവ്വഹിച്ചു.**

2. **സംസ്ഥാനത്ത് ഗ്രോത്രവിഭാഗത്തിലെ കുട്ടികളെ ദൃശ്യസാങ്കേതികവിദ്യയിൽ നൈപുണ്യമുള്ളവരാക്കി മാറ്റുന്നതിനുള്ള കിനാവ്, ട്രെൻഡ് പദ്ധതികൾക്ക് തുടക്കമായി.**

3. **ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സർക്കാരിന് ഒന്നും മറച്ചുവെക്കാനില്ലെന്ന് മന്ത്രി സജി ചെറിയാൻ.**

4. **ബാങ്ക് വായ്പ തട്ടിപ്പ് കേസിൽ രാജ്യം വിട്ട കൂടുതൽ മലയാളികൾക്കെതിരെ കേസെടുക്കാൻ കുവൈറ്റ് ഭരണകൂടം.**

5. **ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഓസ്ട്രേലിയയ്ക്ക് ഒന്നാം ഇന്നിംഗിസ് ലീഡ്.**

*****************************************

RNUTVPM

## ക്ഷയരോഗ നിർമ്മാർജന പദ്ധതി

ദേശീയ ക്ഷയരോഗ നിർമാർജ്ജന പദ്ധതിയുടെ ഭാഗമായി നൂറുദിന തീവ്രയജ്ഞ പരിപാടിയ്ക്ക് ഇന്ന് തുടക്കം. 33 സംസ്ഥാനങ്ങളിലെ 347 ജില്ലകളിലാണ് ക്യാമ്പെയിൻ സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ നൂറുദിന തീവ്രയജ്ഞ പരിപാടി മന്ത്രി വീണാ ജോർജ് പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്തു. 'ക്ഷയരോഗ മുക്ത കേരളത്തിനായി ഒരു ജനകീയ മുന്നേറ്റം' എന്ന പേരിലാണ് പദ്ധതി നടപ്പാക്കുന്നത്.

*****************************************

## കിനാവ് - മന്ത്രി വി ശിവൻകുട്ടി

ഗ്രോത്രവിഭാഗത്തിലെ കുട്ടികളെ ദൃശ്യസാങ്കേതികവിദ്യയിൽ നൈപുണ്യമുള്ളവരാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കിനാവ്, ട്രെൻഡ് പദ്ധതികൾ സംസ്ഥാനത്ത് തുടക്കമായി. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി നടപ്പാക്കുന്ന പദ്ധതികളുടെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി തിരുവനന്തപുരത്ത് നിർവ്വഹിച്ചു. ക്യാമറ, എഡിറ്റിങ്, ഗ്രാഫിക്സ്, അനിമേഷൻ തുടങ്ങിയ മേഖലകളിൽ നൂറ് കുട്ടികൾക്ക് പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകും.

*****************************************

## ടൗൺഷിപ്പ് - കരട് പട്ടിക

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതർക്കായി സംസ്ഥാന സർക്കാർ ഒരുക്കുന്ന ടൗൺഷിപ്പ് പദ്ധതിക്കായുള്ള ഒന്നാംഘട്ട ഗുണഭോക്തൃ കരട് പട്ടിക തയ്യാറാക്കുന്നു. വീട് നഷ്ടപ്പെട്ട കുടുംബങ്ങളെയാണ്

RIUTVPM

പുനരധിവാസത്തിന്റെ ഒന്നാം ഘട്ടത്തിൽ പരിഗണിക്കുന്നത്. കരട് പട്ടിക പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം പരാതികൾ അറിയിക്കാം.

****************************************

## ഹേമ കമ്മറ്റി

ഹേമക്കമ്മിറ്റി റിപ്പോർട്ടിന്മേൽ സർക്കാർ നടപടികൾ സുതാര്യമാണെന്നും മറച്ചുവെക്കാനൊന്നുമില്ലെന്നും മന്ത്രി സജി ചെറിയാൻ. റിപ്പോർട്ടിലെ നീക്കം ചെയ്യുവെന്ന് പറയുന്ന പേജുകൾ പുറത്തുവരുന്നതിൽ സർക്കാറിന് ആശങ്കയില്ലെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, ഹേമക്കമ്മിറ്റി റിപ്പോർട്ടിലെ ഒഴുവാക്കിയ ഭാഗങ്ങൾ പുറത്തു വിടുന്നതിൽ ഇന്ന് ഉത്തരവില്ല. വിവരാവകാശ കമ്മീഷനിൽ പുതിയ ഒരു പരാതി കൂടി ലഭിച്ച സാഹചര്യത്തിലാണ് പൂർണ റിപ്പോർട്ട് പുറത്തുവിടാത്തതെന്നാണ് വിവരം.

****************************************

## കണ്ണൂർ- അദാലത്ത്... ഇൻട്രോ

മന്ത്രിമാരുടെ നേതൃത്വത്തിൽ നടക്കുന്ന 'കരുതലും കൈത്താങ്ങും' താലൂക്ക് തല പൊതുജന അദാലത്തിന് തിങ്കളാഴ്ച തുടക്കമാകും. പോർട്ടൽ വഴി സമർപ്പിച്ച പരാതികളാണ് അദാലത്തിൽ പരിഗണിത്തുന്നത്. അതാത് ജില്ലകളിൽ മന്ത്രിമാരാണ് അദാലത്തിൽ പങ്കെടുക്കുന്നത്. കണ്ണൂർ ജില്ലയിലെ അഞ്ചു താലൂക്കുകളിൽ അഞ്ചുദിവസങ്ങളിലായാണ് അദാലത്ത് നടക്കുക. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ല പ്രതിനിധി കെ ഒ ശശിധരൻ...**

(വോയ്സ്)

****************************************

RNU TVPM

## വി ഡി സതീശൻ + കെ.സുരേന്ദ്രൻ-KSEB

വൈദ്യുതി നിരക്ക് വർദ്ധന സാധാരണക്കാർക്ക് വലിയ ബാധ്യതയുണ്ടാക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ഇതിനെതിരെ യു ഡി എഫ് പ്രതിഷേധ സമരം സംഘടിപ്പിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. അതെസമയം, വൈദ്യൂതി ചാർജ് വർദ്ധിപ്പിക്കാനുള്ള സർക്കാർ തീരുമാനം ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ പ്രതികരിച്ചു.

****************************************

## പ്രതിഷേധം - കെ എസ് ഇ ബി

വൈദ്യുതി ചാർജ് വർധനവിനെതിരെ മലപ്പുറം ജില്ലയിൽ യൂത്ത് ലീഗിൻ്റെ നേതൃത്വത്തിൽ KSEB ഓഫീസുകളിൽ ഉപരോധ സമരം നടത്തി. തിരൂരങ്ങാടിയിലെ സെക്ഷൻ ഓഫീസ് ഉപരോധിച്ച സമരക്കാരും പോലീസും തമ്മിൽ നേരിയ സംഘർഷമുണ്ടായി. പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി.

RNU TVPM

****************************************

## കർദിനാൾ

റോമൻ കത്തോലിക്കാ സഭയിലെ കർദിനാളായി മലയാളിയായ ഡോ ജോർജ് കൂവക്കാട് ഇന്ന് അഭിഷിക്തനാകും. ഇന്ത്യൻ സമയം രാത്രി എട്ടിന് വത്തിക്കാനിലെ സെൻ്റ് പീറ്റേഴ്സ് ബസിലിക്കയിലാണ് സ്ഥാനാരോഹണം. മാർ ജോർജ് കൂവക്കാട് ഉൾപ്പടെ 21 പേർക്കാണ് ഫ്രാൻസിസ് മാർപാപ്പ കർദ്ദിനാൾ പദവിയുടെ സ്ഥാനചിഹ്നങ്ങൾ അണിയിക്കുക. ഇന്ത്യൻ റോമൻ കത്തോലിക്കാ സഭാ ചരിത്രത്തിൽ ആദ്യമായാണ് ഒരു വൈദികൻ നേരിട്ട് കർദ്ദിനാൾ ആകുന്നത്. കേന്ദ്ര സഹമന്ത്രി ജോർജ്

കുര്യൻ, മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ, കൊടിക്കുന്നിൽ സുരേഷ് എം പി, എം എൽ എമാർ എന്നിവരടങ്ങുന്ന സംഘം ഇന്ത്യയെ പ്രതിനിധീകരിച്ച് ചടങ്ങിൽ പങ്കെടുക്കും.

****************************************

## മന്ത്രി സജി ചെറിയാൻ

സംസ്ഥാനത്തെ ആദ്യ സ്കൂൾ ആർട്ട് ഗ്യാലറി നാടിന് സമർപ്പിച്ചു. കോഴിക്കോട് കാരപ്പറമ്പ് സ്കൂളിൽ ആർട്ട് ഗ്യാലറിയുടെ ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. 14 ജില്ലകളിലും സ്കൂൾ ആർട്ട് ഗ്യാലറി സ്ഥാപിക്കുമെന്ന് മന്ത്രി പറഞ്ഞു.

****************************************

## പ്രധാനമന്ത്രി- BAPS

RNJ TVPM

BAPS സന്നദ്ധ പ്രവർത്തക സുവർണ ജൂബിലി ആഘോഷങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വെർച്ച്വലായി അഭിസംബോധന ചെയ്യും. അഹമ്മദബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ഇന്ന് വൈകിട്ട് നടക്കുന്ന BAPS കാര്യകർ സുവർണ മഹോത്സവത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ സംബന്ധിക്കും. 30 രാജ്യങ്ങളിൽ നിന്നുള്ള ഒരു ലക്ഷം സന്നദ്ധപ്രവർത്തകർ പരിപാടിയിൽ പങ്കെടുക്കും.

****************************************

## മകരവിളക്ക് - ഹൈക്കോടതി

ശബരിമലയിൽ മണ്ഡല-മകരവിളക്ക് ഉത്സവകാലത്തെ വിഐപി ദർശനം തീർഥാടകർക്ക് തടസ്സമുണ്ടാക്കുന്ന സംഭവങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പാക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഹൈക്കോടതി നിർദേശം. ജസ്റ്റിസ് അനിൽ കെ.നരേന്ദ്രൻ, ജസ്റ്റിസ് മുരളീകൃഷ്ണ എസ്. എന്നിവരടങ്ങിയ

ഡിവിഷൻ ബെഞ്ചിൻറെതാണ് ഉത്തരവ്. തിരക്കിനെ തുടർന്ന് തീർഥാടകർക്ക് ബുദ്ധിമുട്ടുണ്ടായെന്നും ദർശനം തടസ്സപ്പെട്ടെന്നും സ്പെഷ്യൽ കമ്മീഷണർ കോടതിയെ അറിയിച്ചു.

****************************************

## എഡിഎം നവീൻ ബാബു-റിപ്പോർട്ട്

കണ്ണൂർ പള്ളിക്കുന്നിലെ ഔദ്യോഗിക വസതിയിൽ മരിച്ച നിലയിൽ കണ്ടെത്തിയ എഡിഎം നവീൻ ബാബു തൂങ്ങി മരിച്ചതാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. സംശയകരമായ പരുക്കുകളോ പാടുകളോ ശരീരത്തിൽ ഇല്ലെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം നവീൻ ബാബുവിന്റെ മൃതദേഹത്തിൽ ഇൻക്വസ്റ്റ് പരിശോധന നടത്തും മുൻപ് അറിയിച്ചില്ലെന്ന് വ്യക്തമാക്കി കുടുംബം രംഗത്ത് വന്നു.

RNU TVPM

****************************************

## കുവൈറ്റ്-ബാങ്ക് വായ്പ

കുവൈറ്റിൽ നിന്ന് ബാങ്ക് വായ്പയെടുത്ത ശേഷം , വായ്പ തിരിച്ചടയ്ക്കാതെ രാജ്യം വിട്ട സംഭവത്തിൽ കൂടുതൽ മലയാളികൾക്കെതിരെ കേസ് . നിലവിൽ കേരള പോലീസ് രെജിസ്റ്റർ ചെയ്ത 10 പരാതികൾക്ക് പുറമെ കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യാൻ കുവൈറ്റ് ബാങ്ക് ഉദ്യോഗസ്ഥർ കേരളത്തിൽ എത്തും . 700 നഴ്സുമാരുൾപ്പെടെ 1,425 മലയാളികൾ 700 കോടി രൂപയോളമാണ് വായ്പ എടുത്തിട്ട് തിരിച്ചടയ്ക്കാത്തത്.

****************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

****************************************

## ഇടുക്കി-തെങ്ങുകയറ്റം.. ഇൻട്രോ

തെങ്ങുകയറാൻ ആളെ കിട്ടുന്നില്ലെന്ന് ഇനി പരിഭവം വേണ്ട. ഒറ്റ ഫോൺ കോളിൽ തെങ്ങുകയറ്റ തൊഴിലാളികൾ നിങ്ങളുടെ വീട്ടിലെത്തും. കേരകർഷകർക്കായുള്ള "ഹലോ നാരിയൽ കോൾ" എന്ന കോൾ സെന്ററിലൂടെയാണ് ഈ സേവനം ലഭിക്കുക. **വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്)

RNU TVPM

****************************************

## ആകാശവാണി നിലയം

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര നാളെ ആലപ്പുഴ തലവടി ബാലസുബ്രഹ്മണ്യ സ്വാമി ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കും. തോമസ് കെ തോമസ് എം.എൽ.എ ഉദ്ഘാടനം നിർവ്വഹിക്കും. കുട്ടനാടിൻറെ ചരിത്രവും വർത്തമാനവും എന്ന വിഷയത്തിൽ പ്രശസ്ത ചരിത്രകാരൻ എം.ജി ശശിഭൂഷൺ പ്രഭാഷണം നടത്തും. മധുപാൽ, ഫ്രാൻസിസ് നൊറോണ, ഗിരിജ സേതുനാഥ്,സലിൻ മാങ്കുഴി തുടങ്ങിയ ശ്രദ്ധേയ കഥാകൃത്തുക്കൾ പങ്കെടുക്കുന്ന കഥയരങ്ങും ഇതോടനുബന്ധിച്ച് നടക്കും.

*****************************************

## ആലപ്പാട് അനുസ്മരണം

അഖില കേരള റേഡിയോ ലിസനേഴ്സ് അസോസിയേഷൻ സ്ഥാപക സെക്രട്ടറി കെ. എസ്. കെ. ആലപ്പാട് അനുസ്മരണം നാളെ തൃശൂരിൽ നടക്കും. സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടക്കുന്ന പരിപാടിയിൽ കേരളത്തിലെ റേഡിയോ ശ്രോതാക്കളുടെസുഹൃദ് സംഗമവും സംഘടിപ്പിച്ചിട്ടുണ്ട്.

*****************************************

## പ്രത്യേക വാനനിരീക്ഷണം

സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹമായ വ്യാഴത്തിനെ ഇന്ന് ഏറ്റവും അടുത്തു, ഏറ്റവും തിളക്കത്തോടെ കാണാം. തിരുവനന്തപുരത്തെ സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ഇന്ന് രാത്രി ഏഴു മുതൽ എട്ടു വരെ പ്രത്യേക വാനനിരീക്ഷണം സംഘടിപ്പിക്കും. ഭൂമിയുടെ ഒരു വശത്ത് സൂര്യനും മറുഭാഗത്ത് വ്യാഴവും നേർരേഖയിൽ വരുന്ന ഒപ്പോസിഷൻ പ്രതിഭാസമാണ് ദൃശ്യമാവുന്നത്.

RNU TVPM

*****************************************

## പതാക ദിനം

ഇന്ന് സായുധസേനാ പതാക ദിനം. സായുധ സേനകളിലെ സൈനികരെ ആദരിക്കുന്നതിന് എല്ലാ വർഷവും ഡിസംബർ ഏഴിന് ഈ ദിനം ആചരിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തെമ്പാടും വിവിധ പരിപാടികൾ നടക്കുകയാണ്. കണ്ണൂർ കലക്ടറേറ്റ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

*****************************************

## ക്രിക്കറ്റ്

അഡ്‌ലെയ്ഡ് ഓവലിൽ നടക്കുന്ന ഇന്ത്യ -ഓസ്ട്രേലിയ ബോർഡർ-ഗവാസ്കർ ട്രോഫിയുടെ രണ്ടാം ടെസ്റ്റ് പുരോഗമിക്കുന്നു. ഇന്ത്യയ്ക്കെതിരെ ഒന്നിന് 86 എന്ന നിലയിലാണ് ഓസ്ട്രേലിയ ആദ്യ ഇന്നിംഗ്സ് ഇന്ന് പുനരാരംഭിച്ചത്.

***

## അപ്രന്റിസ്ഷിപ്പ് മേള

കൊല്ലം ആർ.ഐ സെൻററിൻറെ ആഭിമുഖ്യത്തിൽ പ്രധാനമന്ത്രി നാഷണൽ അപ്രന്റിസ്ഷിപ്പ് മേള ജില്ലാ തലത്തിൽ ചന്ദനത്തോപ്പ് സർക്കാർ ഐ.ടി.ഐ ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കും. ജില്ലയിലെ സർക്കാർ സഹകരണ-സ്വകാര്യ മേഖലയിലുള്ള വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലെ വിവിധ അപ്രന്റീസ് ഒഴിവുകളിലേക്ക് തിരഞ്ഞെടുക്കും. ഐ.ടി.ഐ പാസ്സായവർക്ക് പങ്കെടുക്കാം.

RNUTVPM

***